**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3277** **08-10-2025 - ൽ മറുപടിയ്ക്ക്**

**അഴിയൂർ-വെങ്ങളം റീച്ച് ദേശീയ പാത നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന അഴിയൂർ-വെങ്ങളം റീച്ച് പ്രവൃത്തിയുടെ ഉപകരാറെടുത്തിരിക്കുന്ന വാഗാഡ് എന്ന കമ്പനി പ്രസ്തുത നിർമ്മാണ പ്രവൃത്തി വളരെ മന്ദഗതിയിലാണ് നടത്തിവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ദേശീയ പാത 66 ന്റെ നിർമ്മാണം ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. നിർമ്മാണ പുരോഗതി അവലോകനം ചെയ്യാൻ സംസ്ഥാന സർക്കാർ നടത്തുന്ന യോഗങ്ങളിൽ ദേശീയപാത 66 ന്റെ ചില സ്ട്രെച്ചുകളിലെ നിർമ്മാണ പുരോഗതിയിൽ അതൃപ്തി രേഖപ്പെടുത്തുകയും, നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കാൻ ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയും 04.06.2025 ൽ നടത്തിയ യോഗത്തിലും ഈ വിഷയം കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു.<br><br>M/S Azhiyur Vengalam Road Pvt. Ltd. കമ്പനിയുടെ പ്രവൃത്തി ദേശീയപാത അതോറിറ്റിയും, ഇൻഡിപെന്റഡ് എഞ്ചിനീയറും തുടർച്ചയായി അവലോകനം ചെയ്യുന്നതായും, സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് തന്നെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും ഈ സ്ട്രെച്ചിലെ പ്രവൃത്തി വിലയിരുത്താനായി പ്രത്യേകയോഗങ്ങൾ വിളിച്ച് ചേർക്കുന്നുണ്ട്.ദേശീയപാത അതോറിറ്റി നിശ്ചയിച്ച സമയത്തിനും മുമ്പേ പ്രവൃത്തി പൂർത്തികരിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ സംബന്ധിച്ച് അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത റീച്ചിന്റെ നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| (സി) | അഴിയൂർ-വെങ്ങളം റീച്ച് നിർമ്മാണം പൂർത്തീകരിച്ച് എന്നേക്ക് പൂർണ്ണമായും ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ